GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/11/2026

1. റാബി സീസണിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ ചേരാനുള്ള സമയം നവംബർ 15 വരെ നീട്ടി. റാബി ഒന്ന് സീസണിൽ നെൽകൃഷിയുടെ രണ്ടാം വിളയും പച്ചക്കറി വിളയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നെല്ലിന് ഹെക്ടറിന 80000 രൂപയും, പടവലം, പാവൽ, വള്ളിപ്പയർ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക് തുടങ്ങിയ പച്ചക്കറിക്കൾക്ക് ഹെക്ടറിന് 40000 രൂപയും ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി

അടുത്തുള്ള കൃഷിഭവനുമായോ എ.ഐ.സി റീജിയണൽ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. അന്വേഷണങ്ങൾക്ക് **14447** എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

2. പത്തനംതിട്ട ജില്ലയിലെ മഞ്ഞാടിയിലുള്ള ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ടർക്കി വളർത്തൽ എന്ന വിഷയത്തിൽ ഏകദിന സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. 2026 നവംബർ 12–ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെയാണ് പരിശീലനം. ടർക്കി വളർത്തലിന്റെ വിവിധ രീതികൾ, പരിപാലനം, സംരംഭക സാധ്യതകൾ എന്നിവയെക്കുറിച്ച് അറിവ് നേടാൻ ആഗ്രഹിക്കുന്നവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഓഫീസ് പ്രവർത്തന സമയത്ത് വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. **കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0469 2965535 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.**

3. സംരക്ഷിത കൃഷിചെയ്യുന്നവർക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ MIDH പദ്ധതികൾക്ക് അപേക്ഷിക്കാം. ഹൈഡ്രോപോണിക്സ് / ഏയിറോപോണിക്കസ് ചെയ്യുന്നതിന് ചതുരശ്രമീറ്ററിന് 175 രൂപ ആനുകൂല്യം ലഭിക്കും ഗുണഭോക്തവിന് പരമാവധി 1000 ചതുരശ്ര മീറ്റർ

വരെ ചെയ്യാവുന്നതാണ്. പോളിഹൗസിൽ ഉപയോഗിക്കുന്ന സർക്കുലേഷൻ ഫാനുകൾ സ്ഥാപിക്കുന്നതിന് ഒരു ഫാനിനു 50% പരമാവധി 2500 രൂപ വരെ സഹായം നൽകും. ഗ്രണഭോക്താവിന് പരമാവധി 4000 ചതുരശ്ര മീറ്റർ പോളിഹൗസിൽ 6 ഫാനുകൾക്ക് ആനുകൂല്യം ലഭിക്കു..ഫെർട്ടിഗേഷന് ആവശ്യമായ സെൻസർ ബേസ്ഡ് ഓട്ടോമേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് യൂണിറ്റ് 1 ന് 50% പരമാവധി 2 ലക്ഷം രൂപാ വരെ സഹായം നൽകും. പരമാവധി 4000 ചതുരശ്ര മീറ്റർ സംരക്ഷിത കൃഷി ചെയ്യുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഓഫീസുകൾ പഞ്ചായത്ത് തലം കൃഷി ഭവനുകൾ, ജില്ലാ തലം ജില്ലാ ഹോർട്ടികൾച്ചർ മിഷൻ, സംസ്ഥാന തലം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരളം, തിരുവനന്തപുരം.

4. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരു മാസം പ്രായമായ ബിവി 380 കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക്. വില 180/- രൂപ. 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന *"Introduction to Generative AI"* എന്ന വിഷയത്തിലെ

സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് നാളെ **നവംബർ 6** ന് ആരംഭിക്കുന്നു.. നവംബർ 16 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഇതിനായി കമ്പ്യൂട്ടറോ സ്മാർട്ട് ഫോണോ ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **നവംബർ 6** മുതൽ യൂസർ ഐ. ഡി.യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 0487-2438566 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കർഷകർക്കായി മൈക്രോ ഇറിഗേഷൻ സംവിധാനത്തെക്കുറിച്ച് പരിശീലനവും ഇൻസ്റ്റാലേഷൻ പരിപാടിയും സംഘടിപ്പിക്കുന്നു. വെള്ളനാട്, മിത്രനികേതനിലെ ഐ.സി.എ.ആർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നവംബർ 13-നാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഡ്രിപ്പ് ഇറിഗേഷൻ ഉൾപ്പെടെയുള്ള ആധുനിക സൂക്ഷ്മ ജലസേചന രീതികളെക്കുറിച്ചുള്ള പ്രായോഗിക പരിശീലനവും സംവിധാനത്തിന്റെ സ്ഥാപിക്കലും പരിപാടിയുടെ ഭാഗമായി

ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9400288040 എന്ന നമ്പറിൽ ബന്ധപ്പെടുക.